**K16U 0996**

Reg. No.: .............................

Name : ...................................

GOVT. BRENNEN COLLEGE CENTRAL LIBRARY THALASSERY

**II Semester B.A./B.Sc. Degree (CCSS – Supple./Improve.) Examination, May 2016**
**COMMON COURSE IN MALAYALAM**
**2A 08 MAL : സാഹിത്യവും സംസ്കാരവും**
**(2012/2013 Admn.)**

Time : 3 Hours | Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. (**ഓരോ** വിഭാഗത്തിന്റെയും മൂല്യം 1) **(4×1=4 വെയിറ്റേജ്)**

1) ചേരുംപടി ചേർക്കുക.

| | |
|---|---|
| എ) കാടെവിടെ മക്കളേ | എ) ഇടശ്ശേരി |
| ബി) കുറ്റിപ്പുറം പാലം | ബി) കടമ്മനിട്ട |
| സി) കിരാതവൃത്തം | സി) ഒ. വി. വിജയൻ |
| ഡി) മധുരം ഗായതി | ഡി) അയ്യപ്പപ്പണിക്കർ |

2) പൂരിപ്പിക്കുക.

എ) വനപ്രദേശം ചേർന്ന തിണയ്ക്ക് __________ എന്നു പറയുന്നു.

ബി) __________ തിണ മലയും മലയോരപ്രദേശങ്ങളും ചേർന്ന പ്രദേശമാണ്.

സി) പാലൈ എന്ന തിണ __________ കലർന്ന പ്രദേശമാണ്.

ഡി) ഇന്ദ്രൻ ദേവതയായ നിലമാണ് __________

P.T.O.

3) ശരിയുത്തരം എടുത്തെഴുതുക.

എ) കേരളത്തിലെ ഏറ്റവും പ്രാചീനമായ ലിപിയേത് ?

(വട്ടെഴുത്ത്, ആര്യ എഴുത്ത്, ഗ്രന്ഥലിപി, ബ്രാഹ്മി)

ബി) തെക്കേ ഇന്ത്യയിൽ ബ്രാഹ്മണർ ഉപയോഗിച്ചിരുന്ന ലിപിയേത് ?

(വട്ടെഴുത്ത്, ആര്യ എഴുത്ത്, നാനം മോനം, ബ്രാഹ്മി)

സി) രാമായണ ചമ്പു എഴുതിയതാര് ?

(പുനം നമ്പൂതിരി, മഴമംഗലം, കേരളവർമ്മ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ)

ഡി) 'കേരള വ്യാസൻ' എന്നറിയപ്പെടുന്നതാരെ ?

(രാജരാജവർമ്മ, ഉള്ളൂർ, കേരളവർമ്മ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ)

4) പൂരിപ്പിക്കുക.

എ) വൈലോപ്പിള്ളിയുടെ കവിതകളിലെ പ്രകൃതി കാടല്ല ________ ആണ്.

ബി) മഴയല്ല ________ ആണ് വൈലോപ്പിള്ളിക്കിഷ്ടം.

സി) 'ഇന്ദുലേഖ' പ്രസിദ്ധീകരിച്ചത് ________ വർഷത്തിലാണ്.

ഡി) 'രാമരാജബഹദൂർ' എഴുതിയത് ________ ആണ്.

5) ''ഇപ്പം ഏതായാലും വിളിക്കണ്ട. ഇവരെ അച്ഛൻ വരട്ടെ. അനന്തേട്ടൻ കൊറച്ച് കയിഞ്ഞിറ്റ് വാ.''

എ) ആരുടെ വാക്കുകൾ ?

ബി) ആരെക്കാണാനാണ് അനന്തൻ എത്തിയത് ?

സി) എന്ത് പറയാനാണ് എത്തിയത് ?

ഡി) ഈ കൃതി ആരാണെഴുതിയത് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. (വെയിറ്റേജ് **1**) **(4×1=4 വെയിറ്റേജ്)**

6) കാവ് സംസ്ക്കാരത്തെക്കുറിച്ച് കുറിപ്പെഴുതുക.

7) ''നാം മനുഷ്യന്റെ ജീവിതത്തെ Man Power ആക്കി. മൃഗങ്ങളുടെ ജീവിതത്തെ Horse Power ആക്കി'' – സൂചിത സാമൂഹികാവസ്ഥയെന്ത് ?



8) 'പാശ്ചാത്യലോകത്ത് ഉദയം ചെയ്തതും ഇന്നു ലോകമാകെ പരന്നു കഴിഞ്ഞതുമായ' പരിഷ്കാരത്തിന്റെ പ്രകൃതിവീക്ഷണം എന്ത് ?

9) കുഞ്ചൻ നമ്പ്യാരുടെ സാഹിത്യസംഭാവനകളെക്കുറിച്ച് കുറിപ്പെഴുതുക.

10) ''ദ്രോണാചാര്യരെ നിന്റെ സൈന്യം കാലപുരിക്കയച്ചതുപോലെ.'' – സന്ദർഭം വിശദീകരിച്ച് സൂചിതമെഴുതുക.

11) ''അപ്പേട്ടന്റെ കാര്യം വിചാരിക്കുമ്പോ ... ഒരു സമാധാനോം ഇല്ല. ഞാനൊന്ന് പോയി നോക്കിയാലോ'' – ആരുടെ വാക്കുകൾ ? വിശദീകരിക്കുക.

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ഏഴു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണ**ത്തിന് ഉത്തരമെഴുതുക. (വെയിറ്റേജ് **2**) **(5×2=10 വെയിറ്റേജ്)**

12) 'നിങ്ങളുടെ കുഞ്ഞിനെ സ്നേഹം കൊണ്ട് പൊതിയുക എന്നതിന്റെ വ്യാവസായിക അർത്ഥം നിങ്ങൾ നിങ്ങളുടെ കുഞ്ഞിനെ ഒരു പ്രത്യേക പേരുള്ള പൗഡർകൊണ്ട് പൊതിയുക എന്നാണ് ' – സാമൂഹികവും സാംസ്കാരികവുമായ സൂചനകൾ ചർച്ച ചെയ്യുക.

13) ''പരിഷ്കൃതിയാൽ ക്ഷതപ്പെടുത്തപ്പെട്ട പ്രകൃതിയെ മറ്റൊരു കാഴ്ചപ്പാടിൽ കാണുന്ന യത്നമാണ് എൺപതുകളിലുടനീളം മലയാള കവിതയിലും നോവലിലും കണ്ടത് '' – വിശദീകരിക്കുക.

14) 'പുറത്തിണകൾ' – വിശദീകരിക്കുക.

15) ആധുനിക കവിതയെക്കുറിച്ച് ഉപന്യസിക്കുക.

16) നമ്മുടെ ആശയപ്രപഞ്ചത്തെക്കുറിച്ചുള്ള കെ. എൻ. ഗണേശിന്റെ സങ്കല്പം വിശദീകരിക്കുക.

17) 'ആണ്ടുബലി' എന്ന നാടകത്തിലെ പുരാതന/സമകാലിക സ്ത്രീകഥാപാത്രങ്ങളെ താരതമ്യം ചെയ്യുക.

18) 'നെയ്ത്തുകാരനി'ൽ ആവിഷ്കരിക്കുന്ന സാംസ്കാരിക പരിസരം വ്യക്തമാക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നെണ്ണ**ത്തിന് ഉത്തരമെഴുതുക. (വെയിറ്റേജ് **4**) **(3×4=12 വെയിറ്റേജ്)**

19) പ്രതിബോധത്തിന്റെ സൗന്ദര്യശാസ്ത്രം – വിശദീകരിക്കുക.

20) തിണസങ്കല്പത്തിലെ പാരിസ്ഥിതികാവബോധം ചർച്ച ചെയ്യുക.

21) കേരളവും സംസ്കൃതസാഹിത്യവും തമ്മിലുള്ള ബന്ധം ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുക.

22) 'യുദ്ധത്തിന്റെ അന്തസ്സാരശൂന്യത ആവിഷ്കരിക്കുന്ന നാടകമാണ് ആണ്ടുബലി' – പരിശോധിക്കുക.

23) 'നെയ്ത്തുകാരനി'ലെ ആഖ്യാനചാതുരി വിശദീകരിക്കുക.

________________